പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 334

# 2015-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന (ഭേദഗതി) ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2015

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 334

# 2015-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന (ഭേദഗതി) ബിൽ

120/2015.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 334

# 2015-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന (ഭേദഗതി) ബിൽ

2005-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2005-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന ആക്റ്റ് ഇനി പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2015-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—2005-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന ആക്റ്റിലെ (2005-ലെ 46) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ,—

(i) (ഇ) ഖണ്ഡത്തിൽ, "അല്ലെങ്കിൽ എബണി (ഡയോസ് പൈറെസ് സ്പീഷിസ് )" എന്നീ വാക്കുകൾക്കും ബ്രാക്കറ്റുകൾക്കും പകരം "എബണി (ഡയോസ്പൈറെസ് സ്പീഷീസ് ), കണ്ടൽ ചെടിയിനങ്ങൾ (മാൻഗ്രോവ് സ്പീഷീസ് ) എന്നിവ" എന്നീ വാക്കുകളും ബ്രാക്കറ്റുകളും ചേർക്കേണ്ടതാണ് ;

(ii) (ജി) ഖണ്ഡത്തിൽ, "അതിൽ മുള ഉൾപ്പെടുന്നതുമാകുന്നു" എന്നീ വാക്കുകൾക്ക് പകരം "അതിൽ മുളയും കണ്ടൽ ചെടിയിനങ്ങളും ഉൾപ്പെടുന്നതുമാകുന്നു" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ് .

3. 9-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 9-ാം വകുപ്പിൽ, (3)-ാം ഉപവകുപ്പിന്റെ (എ) ഖണ്ഡത്തിൽ "6-ാം വകുപ്പ് ലംഘിച്ചുകൊണ്ട് കൊണ്ടുപോയ" എന്നീ വാക്കുകൾക്കും അക്കത്തിനും ചിഹ്നങ്ങൾക്കും പകരം "6-ാം വകുപ്പ് ലംഘിച്ചുകൊണ്ട് മുറിച്ചതോ കൊണ്ടുപോയതോ ആയ" എന്നീ വാക്കുകളും അക്കവും ചിഹ്നങ്ങളും ചേർക്കേണ്ടതാണ് .

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2005-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന ആക്റ്റിലെ (2005-ലെ 46) നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം സംസ്ഥാനത്തെ കണ്ടൽ ചെടിയിനങ്ങൾ വേണ്ടവിധത്തിൽ സംരക്ഷിക്കപ്പെടുന്നില്ല. പ്രസ്തുത ആക്റ്റിന്റെ 6-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം, ചെറുകിട കൈവശക്കാരായ ഭൂ ഉടമകൾക്ക് പ്രസ്തുത ഉപവകുപ്പിൻകീഴിൽ വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശങ്ങളിലെ 'വിനിർദ്ദേശിക്കപ്പെട്ട വൃക്ഷം' എന്ന പദങ്ങളുടെ നിർവ്വചനത്തിൻ കീഴിൽവരുന്ന ചന്ദനമരം, തേക്ക്, റോസ് വുഡ്, ഇരുൾ, തേമ്പാവ്, കമ്പകം, ചടച്ചി, ചന്ദനവേമ്പ്, വെള്ളകിൽ, എബണി എന്നിവയൊഴികെ അവരുടെ ഭൂമിയിലെ ഏതൊരു വൃക്ഷവും അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ അനുമതി കൂടാതെ മുറിക്കുകയോ നീക്കം ചെയ്യുകയോ ചെയ്യുന്നതിന് അവകാശമുണ്ട്. മേൽപ്പറഞ്ഞ ഉപവകുപ്പിൻറെ ആവശ്യത്തിലേക്കായി എല്ലാ കണ്ടൽക്കാട് പ്രദേശങ്ങളും വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളായി കരുതപ്പെടുന്നതാണെന്ന് പ്രസ്തുത ഉപവകുപ്പിനുള്ള കുറിപ്പിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും അവ 'വിനിർദ്ദേശിക്കപ്പെട്ട വൃക്ഷം' എന്ന പദങ്ങളുടെ നിർവ്വചനത്തിൽ ഉൾപ്പെടാത്തതിനാൽ ചെറുകിട കൈവശക്കാരായ ഭൂ ഉടമകൾക്ക് അവരുടെ ഭൂമിയിലെ കണ്ടൽ ചെടികൾ അനുമതി കൂടാതെ മുറിക്കുന്നതിനും നീക്കം ചെയ്യുന്നതിനും സാധിക്കുന്നതാണ്. ഈ അവസ്ഥ ഒഴിവാക്കുന്നതിനായി കണ്ടൽ ചെടിയിനങ്ങൾകൂടി 'വിനിർദ്ദേശിക്കപ്പെട്ട വൃക്ഷം' എന്ന പദങ്ങളുടെ നിർവ്വചനത്തിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് സർക്കാർ കരുതുന്നു. കൂടാതെ, ആക്റ്റിലെ 'വൃക്ഷം' എന്ന പദത്തിന്റെ നിർവ്വചനത്തിൻകീഴിൽ ഏതെങ്കിലും തടിയുള്ള വൃക്ഷവും മുളയും മാത്രമാണ് ഉൾപ്പെടുന്നത്. ആയതിനാൽ, പ്രസ്തുത ആക്റ്റിലെ വ്യവസ്ഥകൾ എല്ലാവിധ കണ്ടൽ ചെടികൾക്കും ബാധകമാണെന്ന് വ്യക്തമാക്കുന്ന വിധത്തിൽ 'വൃക്ഷം' എന്ന പദത്തിന്റെ നിർവ്വചനത്തിൽ കണ്ടൽ ചെടിയിനങ്ങൾകൂടി ഉൾപ്പെടുത്തേണ്ടതുണ്ട്.

2. പ്രസ്തുത ആക്റ്റിന്റെ 9-ാം വകുപ്പ് (3)-ാം ഉപവകുപ്പ് (എ) ഖണ്ഡപ്രകാരം, പ്രസ്തുത വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരം വസ്തുക്കൾ പിടിച്ചെടുത്തത് സംബന്ധിച്ച് സമർപ്പിച്ച റിപ്പോർട്ടിൽ സൂചിപ്പിച്ച തടി 6-ാം വകുപ്പ് ലംഘിച്ചുകൊണ്ട് 'കൊണ്ടുപോയ' ഏതെങ്കിലും വൃക്ഷത്തിന്റെ തടിയാണെന്ന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് ബോധ്യമാവുക യാണെങ്കിൽ മാത്രം അങ്ങനെ കൊണ്ടുപോയ തടി പിടിച്ചെടുത്തതു സംബന്ധിച്ച് അദ്ദേഹം മജിസ്ട്രേറ്റ് മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. എന്നാൽ, ഒരു വൃക്ഷം 'മുറിക്കുക' മാത്രമെ ചെയ്തിട്ടുള്ളുവെങ്കിൽ പ്രസ്തുത ഉപവകുപ്പ് പ്രകാരം റിപ്പോർട്ട് സമർപ്പിക്കാൻ പറ്റാതെ വരുന്നതായുള്ള സാങ്കേതികമായ ഒരു ന്യൂനത പ്രസ്തുത ഉപവകുപ്പിൽ ഉള്ളതായി സർക്കാർ കരുതുന്നു. ആയതിനാൽ, പ്രസ്തുത ഉപവകുപ്പിൽ വൃക്ഷം 'മുറിക്കുന്നതുകൂടി' ഉൾപ്പെടുത്തിയാൽ മാത്രമെ അങ്ങനെ മുറിച്ച വൃക്ഷങ്ങളെ സംബന്ധിച്ചും കൊണ്ടുപോയ വൃക്ഷങ്ങളെ സംബന്ധിച്ചും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് മജിസ്ട്രേറ്റ് മുമ്പാകെ റിപ്പോർട്ട്

സമർപ്പിക്കാൻ സാധിക്കുകയുള്ളൂ. ആയതിനാൽ മുറിച്ച വൃക്ഷങ്ങൾകൂടി പിടിച്ചെടുക്കുന്നത് സംബന്ധിച്ച് പ്രസ്തുത ഓഫീസറുടെ റിപ്പോർട്ടിൽ പരാമർശിക്കുന്നതിനായി 9-ാം വകുപ്പ് (3)-ാം ഉപവകുപ്പിന്റെ (എ) ഖണ്ഡത്തിൽ '6-ാം വകുപ്പിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് മുറിച്ചതോ കൊണ്ടുപോയതോ ആയ വൃക്ഷങ്ങൾ' എന്നീ വാക്കുകൾ ചേർത്തുകൊണ്ടുള്ള ഒരു ഭേദഗതി വരുത്തേണ്ടതാണ്.

3. മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്നും യാതൊരു അധികചെലവും ഉണ്ടാകുന്നതല്ല.

തിരുവഞ്ചൂർ രാധാകൃഷ്ണൻ

# 2005-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന ആക്റ്റിൽ (2005-ലെ 46) നിന്നുള്ള പ്രസക്തഭാഗങ്ങൾ

** ** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(ഇ) "വിനിർദ്ദേശിക്കപ്പെട്ട വൃക്ഷം" എന്നാൽ ചന്ദനമരം (സാന്റാലം ആൽബം), തേക്ക് (ടെക്ടോണ ഗ്രാൻഡിസ്), റോസ് വുഡ് (ഡാൽബേർജിയ ലാറ്റിഫോളിയ), ഇരുൾ (സൈലിയ സൈലോകാർപ), തേമ്പാവ് (ടെർമിനാലിയ ടൊമന്റോസ), കമ്പകം (ഹോപ്പിയ പാർവിഫ്ളോറ), ചടച്ചി (ഗ്രീവിയ ടീലിയ ഫോളിയ), ചന്ദനവേമ്പ് (സെട്രില ടൂണ), വെള്ളകിൽ (ഡൈസോസൈലം മലബാറിക്കം അല്ലെങ്കിൽ എബണി (ഡയോസ് പൈറസ് സ്പീഷിസ്) എന്ന് അർത്ഥമാകുന്നു.

** ** ** **

(ജി) "വൃക്ഷം" എന്നാൽ ഫലങ്ങൾ വഹിക്കുന്നതോ വഹിക്കാത്തതോ ആയ ഏതെങ്കിലും തടിയുള്ള വൃക്ഷം എന്നർത്ഥമാകുന്നതും അതിൽ മുള ഉൾപ്പെടുന്നതുമാകുന്നു.

** ** ** **

6. വനേതരഭൂമിയിൽ വിജ്ഞാപനം ചെയ്തിട്ടില്ലാത്ത പ്രദേശങ്ങളിലെ വൃക്ഷങ്ങൾ മുറിക്കുന്നതിനും നീക്കം ചെയ്യുന്നതിനും ഉടമസ്ഥർക്കുള്ള അവകാശം.—(1) ** ** **

(3) പൊതുതാല്പര്യാർത്ഥമോ, പരിസ്ഥിതി സംരക്ഷണ താല്പര്യാർത്ഥമോ വൃക്ഷ വളർച്ച സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, വൃക്ഷം ജീവനോ സ്വത്തിനോ അപകട കാരണമാവുകയോ കാറ്റിൽ വീഴുകയോ ചെയ്തു എന്ന കാരണത്താലൊഴികെ, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കപ്പെട്ട വനേതര ഭൂമിയിലെ ഏത് പ്രദേശത്തും നിൽക്കുന്ന യാതൊരു വൃക്ഷവും മുറിക്കുവാനോ പിഴുതു കളയുവാനോ കത്തിക്കുവാനോ മറ്റുവിധത്തിൽ നശിപ്പിക്കുവാനോ പാടുള്ളതല്ല എന്ന് നിർദ്ദേശിക്കാവുന്നതാണ് :

എന്നാൽ, ഈ ഉപവകുപ്പിൻകീഴിൽ വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശത്തിലെ ചെറുകിട കൈവശക്കാർക്ക് വിനിർദ്ദേശിക്കപ്പെട്ട വൃക്ഷങ്ങളൊഴികെയുള്ള ഏത് വൃക്ഷവും മുറിക്കുകയോ നീക്കം ചെയ്യുകയോ ചെയ്യാവുന്നതാണ് :

എന്നുമാത്രമല്ല, ഈ ഉപവകുപ്പിൻകീഴിൽ വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശത്തെ ചെറുകിട കൈവശക്കാർക്ക് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ രേഖാമൂലമുള്ള മുൻകൂർ അനുമതിയോടുകൂടി ചന്ദനമരം അല്ലാതെയുള്ള ഏതൊരു വിനിർദ്ദേശിക്കപ്പെട്ട വൃക്ഷവും മുറിക്കുകയോ നീക്കം ചെയ്യുകയോ ചെയ്യാവുന്നതും വിനിർദ്ദേശിക്കപ്പെട്ട വൃക്ഷങ്ങൾ ഒഴികെയുള്ളവ അപ്രകാരം മുറിക്കുകയോ നീക്കം ചെയ്യുകയോ ചെയ്യുന്നതിന്, അപ്രകാരമുള്ള മുൻകൂർ അനുമതി ആവശ്യമില്ലാത്തതുമാണ് :

എന്നിരുന്നാലും, ഈ ഉപവകുപ്പിൻകീഴിൽ വിജ്ഞാപനം ചെയ്തിരിക്കുന്ന പ്രദേശത്തെ ചെറുകിട കൈവശക്കാരല്ലാത്ത ഉടമസ്ഥർക്ക് ചന്ദനമരങ്ങൾ ഒഴികെയുള്ള ഏതൊരു വൃക്ഷവും അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യാേഗസ്ഥന്റെ രേഖാമൂലമുള്ള മുൻ അനുമതിയോടുകൂടി മുറിക്കുകയും നീക്കം ചെയ്യുകയും ചെയ്യാവുന്നതും പട്ടികയിൽ പറഞ്ഞിട്ടുള്ള വൃക്ഷങ്ങൾ മുറിക്കുന്നതിനും നീക്കം ചെയ്യുന്നതിനും അങ്ങനെയുള്ള അനുമതി ആവശ്യമില്ലാത്തതും ആകുന്നു:

എങ്കിൽത്തന്നെയും, വൃക്ഷം ജീവനോ സ്വത്തിനോ ഭീഷണിയാകുകയോ അല്ലെങ്കിൽ കാറ്റിൽ വീണതോ ആണെങ്കിൽ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ രണ്ടും മൂന്നും ക്ലിപ്ത നിബന്ധനയിൽ പറഞ്ഞിരിക്കുന്ന അങ്ങനെയുള്ള അനുമതി നിഷേധിക്കുവാൻ പാടുള്ളതല്ല.

<u>കുറിപ്പ്:</u>—ഈ ഉപവകുപ്പിന്റെ ആവശ്യത്തിലേക്കായി എല്ലാ കണ്ടൽക്കാട് പ്രദേശങ്ങളും അല്ലെങ്കിൽ ഏലമോ കാപ്പിയോ തോട്ടങ്ങളും വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളായി കരുതപ്പെടേണ്ടതാണ്.

** ** ** **

9. <u>കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്ന തടിയും മറ്റു വസ്തുക്കളും പിടിച്ചെടുക്കാനുള്ള അധികാരം.</u>—(1) വനം വകുപ്പിലെ ഫോറസ്റ്ററുടെ പദവിക്കു താഴെയല്ലാത്ത ഏതെങ്കിലും ഉദ്യോഗസ്ഥന് 6-ാം വകുപ്പ് ലംഘിച്ചുകൊണ്ട് ഏതെങ്കിലും വൃക്ഷം മുറിക്കുകയും അല്ലെങ്കിൽ ഏതെങ്കിലും തടി കൊണ്ടുപോകുകയും ചെയ്തെന്ന് വിശ്വസിക്കാൻ കാരണമുള്ളിടത്ത്, അദ്ദേഹത്തിന്, ആ തടി അങ്ങനെയുള്ള കുറ്റം ചെയ്യുന്നതിനുവേണ്ടി ഉപയോഗിച്ച എല്ലാ പണിയായുധങ്ങളും കയറുകളും ചങ്ങലകളും മറ്റു വസ്തുക്കളും അങ്ങനെയുള്ള തടി വഹിച്ചുകൊണ്ടു പോകുന്നതിന് ഉപയോഗിച്ച എല്ലാ വാഹനങ്ങളോ ബോട്ടുകളോ മൃഗങ്ങളോ സഹിതം പിടിച്ചെടുക്കാവുന്നതാണ്.

** ** ** **

(3) (2)-ാം ഉപവകുപ്പിൻപ്രകാരം ഒരു റിപ്പോർട്ട് ലഭിക്കുന്ന ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,—

(എ) അങ്ങനെയുള്ള റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത് 6-ാംവകുപ്പ് ലംഘിച്ചു കൊണ്ട് കൊണ്ടുപോയ ഏതെങ്കിലും വൃക്ഷത്തിന്റെ തടിയാണെന്ന് അദ്ദേഹത്തിന് ബോദ്ധ്യമാവുകയാണെങ്കിൽ, അപ്രകാരമുള്ള പിടിച്ചെടുക്കൽ നടത്തിയ പ്രദേശത്ത് അധികാരിതയുള്ള ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് മുമ്പാകെ അങ്ങനെയുള്ള തടിപിടിച്ചെടുക്കൽ സംബന്ധിച്ച് ഒരു റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ് ;

** ** ** **